LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിലെ തടസ്സം

269 (1642) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ പഞ്ചായത്തുകൾ വിലകൊടുത്തു വിതരണം ചെയ്യുന്ന ഭൂമിക്ക് പഞ്ചായത്തിൽ നിന്നും എത്രരേഖയാണ് നൽകുന്നത്;

(ബി) അനുവാദപത്രിക ലഭിച്ചവർക്ക് പട്ടയം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(സി) അനുവാദ പത്രിക ലഭിച്ചവർക്ക് എൻ.ഒ.സി നൽകാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ പഞ്ചായത്തുകൾ വില കൊടുത്ത് വാങ്ങുന്ന ഭൂമി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ ടി ഭൂമി ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കൈമാറ്റം ചെയ്യുകയില്ല എന്ന ഒരു കരാർ ഗുണഭോക്താവ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകണം. എന്നാൽ പഞ്ചായത്തുകൾ വാങ്ങുന്ന ഭൂമി പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്കാണ് രജിസ്റ്റർ ചെയ്ത് വാങ്ങുന്നതെങ്കിൽ നിശ്ചിത കാലാവധിക്കുശേഷം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് പട്ടയം ലഭിക്കാൻ അനുവാദ പത്രിക നൽകും.

(ബി) തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിലെ ക്രമക്കേടുകൾ

270 (1643) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിൽ നടത്തിയ പെർഫോർമൻസ് ഓഡിറ്റിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആയവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?